(ഇ) ഈ തുക ചെലവഴിക്കുന്നതിനുള്ള അറിയിപ്പ് അടിയന്തിരമായി വെങ്ങാനൂർ ഗ്രാമ പഞ്ചായത്തിന് നൽകുവാൻ നിർദ്ദേശം കൊടുക്കുമോയെന്നും വരുന്ന മാർച്ച് 31-ന് മുൻപ് ഇതിന്റെ പണി പൂർത്തിയാക്കുവാൻ നിർദ്ദേശം നൽകുമോയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ—ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

കാസർഗോഡ് ജില്ലയിലെ അംഗൻവാടികൾ

34 [972] ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ആകെ എത്ര അംഗൻവാടികൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ സ്വന്തമായ കെട്ടിടം ഇല്ലാത്ത അംഗൻവാടികൾ എത്രയാണ് ; അവ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(സി) ഇവയ്ക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ ആകെ 998 അംഗൻവാടികൾ നിലവിലുണ്ട്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

അംഗൻവാടി ജീവനക്കാരെ പിരിച്ചുവിട്ട നടപടി

35 [973] ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരമേറ്റെടുത്ത 2001 മേയ് മാസത്തിനു ശേഷം അംഗൻവാടി മേഖലയിൽ ജോലി ചെയ്തിരുന്ന 58 വയസ്സ് കഴിഞ്ഞ എത്ര ജീവനക്കാരെ പിരിച്ചുവിട്ടിട്ടുണ്ട് ;

(ബി) പിരിച്ചുവിടുമ്പോൾ ഇവർക്ക് സർക്കാർ എന്തെങ്കിലും ആനുകൂല്യങ്ങൾ നൽകിയിരുന്നുവോ ;

(സി) അംഗൻവാടി ജീവനക്കാരെപ്പറ്റിയും പിരിച്ചുവിട്ടവർക്ക് നൽകേണ്ട ആനുകൂല്യങ്ങൾ സംബന്ധിച്ചും പഠിക്കുന്നതിന് സർക്കാർ, സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നുവോ ; പ്രസ്തുത റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ടോ ; റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമായിരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പിരിച്ചുവിട്ട ജീവനക്കാർക്ക് പെൻഷൻ നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) അംഗൻവാടി ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളെപ്പറ്റി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറെ ഏകാംഗ കമ്മീഷനായി സർക്കാർ നിയമിക്കുകയുണ്ടായി. കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. കമ്മീഷൻ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടില്ല. എന്നാൽ കമ്മീഷൻ റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിക്കുകയും 16-8-2005-ൽ പുറപ്പെടുവിച്ച ജി.ഒ. (ആർടി) നമ്പർ 403/05/സാക്ഷേവ. പ്രകാരം അംഗൻവാടി വർക്കർമാരുടേയും ഹെൽപ്പർമാരുടേയും ഓണറേറിയത്തിന്റെ സംസ്ഥാന വിഹിതം 100 രൂപ കൂടി വർദ്ധിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവാകുകയും ചെയ്യുകയുണ്ടായി.

(ഡി) അംഗൻവാടി ജീവനക്കാർ ഓണറേറിയം അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന സാമൂഹ്യ പ്രവർത്തകരാണ്. ഇവരുടെ സേവനം അവസാനിപ്പിക്കുന്ന മുറയ്ക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകാൻ നിലവിൽ വ്യവസ്ഥയില്ല. അംഗൻവാടി ജീവനക്കാർക്ക് പെൻഷൻ നൽകുന്ന കാര്യം ഇപ്പോൾ ആലോചനയിലില്ല.

ബാലുശ്ശേരി ഐ.സി.ഡി.എസ്. പ്രോജക്ടിലെ ഒഴിവുള്ള തസ്തികകൾ

36 [974] ശ്രീ. എ. സി. ഷണ്മുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ഐ.സി.ഡി.എസ്. പ്രോജക്ടിൽ ഒഴിവു വന്ന അംഗൻവാടി വർക്കർ, ഹെൽപ്പർ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ച് ഇന്റർവ്യൂ നടത്തിയിരുന്നുവോ എന്ന് വെളിപ്പെടുത്തുമോ ;

(ബി) എങ്കിൽ അത് സംബന്ധിച്ച് ലിസ്റ്റ് തയ്യാറാക്കി കഴിഞ്ഞുവോ എന്ന് വ്യക്തമാക്കുമോ ;

(സി) തയ്യാറാക്കി കഴിഞ്ഞുവെങ്കിൽ ഈ ലിസ്റ്റ് പ്രകാരം ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള കാലതാമസം എന്താണ് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ & ബി) ഇന്റർവ്യൂ നടത്തി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്.

(സി) ബാലുശ്ശേരി ഐ.സി.ഡി.എസ്.-ലെ അംഗൻവാടി പ്രവർത്തകരുടെ സെലക്ട് ലിസ്റ്റിന്റെ സാധ്യതയെ ചോദ്യം ചെയ്തുകൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഡബ്ല്യു.പി. (സി) 35945 നമ്പർ കേസ് നിലവിലുണ്ട്. കേസിന്റെ അന്തിമ വിധിക്ക് വിധേയമായി മാത്രമേ ലിസ്റ്റ് അംഗീകരിച്ച് നൽകാനാവൂ.

LIBRARY ARCHIVES Kerala Legislative Assembly